കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണം-നിർമിതി കേന്ദ്രത്തെ നിർമ്മാണ ചുമതല ഏൽപ്പിച്ച നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

===========================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ).3276/16/തസ്വഭവ** **തിരുവനന്തപുരം, തീയതി, 01.12.2016**

===========================================================================

പരാമർശം: 1. സ.ഉ.(സാധാ) നം:2711/2016/ത.സ്വ.ഭ.വ തീയതി 22.09.2016.
2. പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.10.2016 ലെ കത്ത്.

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിന്റെ അധീനതയിലുള്ളതും മുൻപ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ് നിലനിന്നിരുന്നതുമായ സ്ഥലത്തു ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 75 ലക്ഷം രൂപ ചെലവഴിച്ച് പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനു പരാമർശം (1) പ്രകാരം അനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു. നിർമ്മാണ കരാർ ഇ-ടെണ്ടർ മുഖേന നൽകണമെന്ന് ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു. എന്നാൽ നിർമാണച്ചുമതല ജില്ലാ നിർമിതി കേന്ദ്രത്തെ ഏൽപ്പിക്കാൻ സർക്കാരിനോട് അനുവാദം ആവശ്യപ്പെട്ടതായും അനുവാദം ലഭ്യമാകാതെ വന്നപ്പോൾ കാലതാമസം മൂലം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതും ചെലവ് അധികരിക്കുന്നതും ഒഴിവാക്കുന്നതിന് നിർമിതി കേന്ദ്രത്തെ നിർമ്മാണ ചുമതല ഏൽപ്പിച്ചതായും ഇപ്പോൾ കെട്ടിട നിർമ്മാണം ഏകദേശം പൂർത്തിയായ നിലക്ക് ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ നിർമിതി കേന്ദ്രത്തെ നിർമ്മാണച്ചുമതല ഏല്പിച്ച നടപടി സാധൂകരിച്ച് നൽകണമെന്ന് പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വിശദീകരിച്ച സാഹചര്യങ്ങൾ കണക്കിലെടുത്ത് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണച്ചുമതല ജില്ലാ നിർമിതി കേന്ദ്രത്തെ ഏല്പിച്ച നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ഡി.സന്തോഷ്**
**ഡെപ്യൂട്ടി സെക്രട്ടറി**

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പ്രസിഡന്റ്/ സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, പയ്യന്നൂർ
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ